**നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം**

എ.ഡി.ജി.പി. - ആർ.എസ്.എസ്. കൂടിക്കാഴ്ച

മി.സ്പീക്കർ: സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതലയിലുണ്ടായിരുന്ന എ.ഡി.ജി.പി. ആർ.എസ്.എസ്. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയതിനെ സംബന്ധിച്ചുള്ള അന്വേഷണം പ്രഹസനമാകുന്നതായും ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ നേട്ടങ്ങൾക്കായി പോലീസ് സംവിധാനത്തെ ദുരുപയോഗം ചെയ്യുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണം എന്ന ഉപക്ഷേപം പരിഗണമെന്നാവശ്യപ്പെട്ട് സർവശ്രീ എൻ. ഷംസുദ്ദീൻ, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്നലത്തെ സ്ഥിതി ആവർത്തിക്കരുതെന്ന അഭ്യർഥനയോടുകൂടി ഈ ഉപക്ഷേപം ചർച്ച ചെയ്യാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ഇന്നത്തെ റൂൾ 50 നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് ചർച്ചചെയ്യാമെന്ന് ബഹുമാനപ്പെട്ട് മുഖ്യമന്ത്രി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് സംബന്ധിച്ച ചർച്ച ഉച്ചയ്ക്ക് 12.00-ന് ആരംഭിക്കുന്നതാണ്. രണ്ട് മണിക്കൂറാണ് ചർച്ചയ്ക്കായി നീക്കിവച്ചിരിക്കുന്നത്. ആയതിനാൽ മറ്റ് നടപടിക്രമങ്ങളിൽ സമയക്രമം പാലിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർഥിക്കുന്നു.